(ബി) എങ്കിൽ ഇതു തടയുന്നതിന് എന്തെല്ലാം നടപടികളാണ് കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) നെൽക്കൃഷിയിടങ്ങൾ നികത്തുന്നത് തടയുന്ന ഏതെങ്കിലും ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ഡി) പാലക്കാട് ജില്ലയിൽ നെൽക്കൃഷിയിടം നികത്തിയതിന് ആർക്കെങ്കിലും എതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) നെൽക്കൃഷിയിടങ്ങൾ നികത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1967-ലെ കേരള ഭൂവിനിയോഗ നിയമം കർശനമായി പാലിക്കുന്നതിന് ജില്ലാ കലക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നെൽക്കൃഷിയിടങ്ങൾ അനധികൃതമായി നികത്തുന്നത് തടയാൻ 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് നിലവിലുണ്ട്.

(ഡി) ഉണ്ട്. 3314 കേസ്സുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

തൃശ്ശൂർ സീഡ് ഫാമിലെ ഉദ്യോഗസ്ഥർക്കെതിരെയുള്ള അഴിമതി ആരോപണം

113 [397] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ സീഡ് ഫാമിലെ ഏതാനും ഉദ്യോഗസ്ഥരും മറ്റു ചില പൊതു പ്രവർത്തകരും ചേർന്ന് സീഡ് ഫാമിലെ നെൽവിത്തിന് പകരം കൊല്ലംകോട് പ്രദേശത്തുള്ള റൈസ് മില്ലുകളിൽ നിന്നും ഗുണനിലവാരം കുറഞ്ഞ നെല്ല് സീഡ് ഫാമിന്റെ ലേബൽ ഉള്ള ചാക്കിൽ സംഭരിച്ച് 14 രൂപ നിരക്കിൽ കൃഷിക്കാർക്ക് വിറ്റ് അഴിമതി നടത്തിയതായ പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വരൾച്ചമൂലം സംസ്ഥാനത്തുണ്ടായ കൃഷിനാശം

114 [399] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്തകാലത്തുണ്ടായ വരൾച്ചമൂലം സംസ്ഥാനത്തിന് എത്ര കോടി രൂപയുടെ കൃഷി നാശം ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly